"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തൊഴിലും നൈപുണ്യവും വകുപ്പ്-ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ് ഡയറക്ടറായ ശ്രീ.പ്രമോദ്.പി.-യ്ക്ക് 2024 ജൂൺ 12 മുതൽ 14 വരെ തമിഴ്നാട് കൽപ്പാക്കത്ത് വെച്ച് നടക്കുന്ന വർക്ക്ഷോപ്പിൽ പങ്കെടുക്കുന്നതിന് - അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.610/2024/LBR    തീയതി,തിരുവനന്തപുരം, 07-06-2024

---

പരാമർശം:- ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ഡയറക്ടറുടെ 10.05.2024 തീയ്യതിയിലെ ജി3/1153/2024/ഡിഎഫ്ബി നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഇന്ദിരാഗാന്ധി സെന്റർ ഫോർ അറ്റോമിക് റിസർച്ച് (IGCAR) Geospatial and Radar Technologies for Improved Weather Modelling & Effective Disaster Management (GRADM) എന്ന പരിശീലന പരിപാടി 2024 ജൂൺ 12 മുതൽ 14 വരെ തമിഴ്നാട് കൽപ്പാക്കത്ത് വെച്ച് സംഘടിപ്പിക്കുകയാണെന്നും ടി പരിപാടി വകുപ്പിലെ ROCERS പദ്ധതിയുമായി ബന്ധപ്പെട്ടതും IGCAR ടി പദ്ധതിയുടെ ഭാഗമാണെന്നും ടി പരിശീലനം വകുപ്പിനു ഗുണം ചെയ്യുന്നതാണെന്നും ആയതിനാൽ പ്രസ്തുത വർക് ഷോപ്പിൽ പങ്കെടുക്കുന്നതിനു അനുവാദം നൽകണമെന്നും വിമാനയാത്രയ്ക്കുള്ള അനുമതിയും യാത്രാചെലവുകൾ നടപ്പ് സാമ്പത്തിക വർഷം ടി വകുപ്പിന് അനുവദിച്ചിട്ടുള്ള 2230-01-102-95-04-TE 1 Tour TA (Plan) ശീർഷകത്തിൽ വകയിരുത്തി നല്കണമെന്നും ഫാക്ടറീസ് & ബോയിലേഴ്സ്, ഡയറക്ടർ പരാമർശം (1) പ്രകാരം അപേക്ഷിച്ചിരുന്നു.

2) ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചു. ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ് ഡയറക്ടറായ ശ്രീ.പ്രമോദ് .പി-യ്ക്ക് 2024 ജൂൺ 12 മുതൽ 14 വരെ തമിഴ് നാട് കൽപ്പാക്കത്ത് വച്ച് നടക്കുന്ന Geospatial and Radar Technologies for Improved Weather Modelling & Effective Disaster Management (GRADM) എന്ന പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നതിനുള്ള അനുമതിയും ആയതിനുള്ള വിമാനയാത്രാചെലവുകൾ നടപ്പ് സാമ്പത്തിക വർഷത്തിലെ "2230-01-102-95-04-TE-1 Tour TA (പ്ലാൻ)" എന്ന ശീർഷകത്തിൽ വകയിരുത്താനുള്ള അനുമതിയും നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എൻ.കെ.ചന്ദ്ര
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം,തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിന്‍ പ്രകാരം

Signed by
Abhilash S S
സെക്ഷന്‍ ഓഫീസര്‍
Date: 07-06-2024 17:43:36

പകര്‍പ്പ് :- ബഹു. പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്
അണ്ടര്‍ സെക്രട്ടറി.